## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 52 — 27.06.2011 -ൽ മറുപടിക്ക്

### എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പാലോട് രവി: | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) എൻഡോസൾഫാൻ ദുരന്തത്തിൽ പെട്ട് മരണമടഞ്ഞവരുടെയും രോഗബാധിതരുടെയും കുറ്റമറ്റ സ്ഥിതി വിവരക്കണക്കുകൾ ശേഖരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. എൻഡോസൾഫാൻ ദുരന്തത്തിൽപ്പെട്ട് ഇതുവരെ 4255 പേർ രോഗബാധിതരാകുകയും 680 പേർ മരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും ദുരിതാശ്വാസ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;<br><br>(സി) ഇതിനായി കേന്ദ്ര സർക്കാരിനോട് ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്രയെന്നറിയിക്കാമോ; | (ബി) യും (സി) യും<br>ഉണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് ധനസഹായവും ചികിത്സയും ലഭ്യമാക്കുന്നതിനും മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് ധനസഹായം നൽകുന്നതിനുമായി ഒരു സ്പെഷ്യൽ പാക്കേജ് കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. കേരളം തയ്യാറാക്കിയ ദുരിതാശ്വാസ പാക്കേജ് നടപ്പിലാക്കുന്നതിലേക്കായി 125 കോടി രൂപയും ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ശുപാർശകൾ നടപ്പിലാക്കുന്നതിലേക്കായി 217 കോടി രൂപയും സഹായമായി നേരത്തേ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ബഹു: മുഖ്യമന്ത്രി ബഹു: പ്രധാനമന്ത്രിക്കു സമർപ്പിച്ച 18.5.2011-ലെ നിവേദനത്തിലും ഇക്കാര്യം അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ ആയുർവേദം, ഹോമിയോ എന്നീ ചികിത്സാ വിഭാഗങ്ങളെ കൂടി ഉൾപ്പെടുത്തി വിപുലമായ ഒരു പാക്കേജ് തയ്യാറാക്കി വരുന്നുണ്ട്. |
| (ഡി) ദുരിതബാധിതരുടെ ചികിത്സാ സൗകര്യങ്ങളെ മുൻനിർത്തി കാസർഗോഡ് കേന്ദ്രമാക്കി തുടങ്ങുമെന്ന് പ്രഖ്യാപിച്ചിട്ടുള്ള സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ സർക്കാർ ഉടമസ്ഥതയിലുള്ള ഒരു മെഡിക്കൽ കോളേജ് ആശുപത്രി ആക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ